LIBRARY ARCHIVES Kerala Legislative Assembly

ഓട്ടോറിക്ഷാ തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി

210 (2490) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓട്ടോറിക്ഷാ തൊഴിലാളികൾ എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് പ്രഖ്യാപിച്ച ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ അംഗങ്ങൾ ആയിട്ടുള്ളവർ എത്ര; ഇൻഷ്വറൻസ് സ്കീമിൽ നിന്നും ആനുകൂല്യങ്ങൾ ലഭിച്ചവർ എത്ര;

(സി) ഇൻഷ്വറൻസ് പദ്ധതി എന്നുമുതലാണ് നിലവിൽ വന്നത്; പ്രീമിയം അടയ്ക്കുന്നതിന് എത്ര തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നു; അതിൽ പ്രീമിയം അടയ്ക്കുന്നതിനായി പിൻവലിച്ച തുക എത്ര; ഏത് കമ്പനി വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്?

ഉത്തരം

(എ) സംസ്ഥാനത്തെ ഓട്ടോറിക്ഷാ തൊഴിലാളികൾ എത്രയാണെന്ന വിവരം തൊഴിൽ വകുപ്പിൽ ലഭ്യമല്ല. എന്നാൽ 2015 ഒക്ടോബർ മാസം വരെ 1991-ലെ പഴയ ഓട്ടോറിക്ഷാ പദ്ധതിയിൽ 17966 തൊഴിലാളികളും 2005-ലെ കേരള മോട്ടോർ തൊഴിലാളി ക്ഷേമപദ്ധതിയിൽ 339695 തൊഴിലാളികളും അംഗത്വം എടുത്തിട്ടുണ്ട്.

(ബി&സി) ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതിയൊന്നും തൊഴിൽ വകുപ്പ് മുഖേന നടപ്പാക്കിയിട്ടില്ല.

പടക്കശാലകൾ, നെയ്ത്തുമില്ലുകൾ എന്നിവിടങ്ങളിലെ ബാലവേല

211 (T*2491) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പടക്കശാലകൾ, നെയ്ത്തുമില്ലുകൾ തുടങ്ങിയ പരമ്പരാഗത തൊഴിൽ മേഖലകളിൽ ധാരാളം കുട്ടികൾ ജോലി ചെയ്യുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) സ്വന്തം കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള അപകടരഹിത തൊഴിൽ മേഖലകളിൽ കുട്ടികളെ ജോലി ചെയ്യിക്കാമെന്ന കേന്ദ്ര ബാലവേല (നിരോധനവും നിയന്ത്രണവും) ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ ദുരുപയോഗം ചെയ്ത് ബന്ധുക്കൾ എന്ന വ്യാജേന കുട്ടികളെക്കൊണ്ട് ബാലവേല ചെയ്യിക്കാനുള്ള സാധ്യത ഇല്ലായ്മ ചെയ്യുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇത്തരത്തിലുള്ള തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 1996-ലെ ബാലവേല നിരോധന നിയമപ്രകാരം സംസ്ഥാന തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാർ, അസിസ്റ്റന്റ് ലേബർ ഓഫീസർമാർ എന്നിവരുടെ നേതൃത്വത്തിൽ കർശന പരിശോധന നടത്തി ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ബാലവേല നിർമ്മാർജ്ജനത്തിനായി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ, പോലീസ്, ചൈൽഡ് ലൈൻ ജില്ലാ ഭരണകൂടവുമായി ചേർന്ന് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാനും ബാലവേലയ്ക്കെതിരായി സ്റ്റിക്കർ, പോസ്റ്റർ എന്നിവ ഡിസൈൻ ചെയ്ത് സ്കൂളുകൾ, ഹോട്ടലുകൾ വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യാനുള്ള കർമ്മ പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ ലേബർ ഓഫീസർ (ഇ) കൺവീനറായും ചൈൽഡ് വെൽഫയർ കം മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളെ ബാലവേല വിമുക്ത ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. തുടർന്ന് തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് ജില്ലകളെ കൂടി ബാലവേല വിമുക്ത ജില്ലകളായി പ്രഖ്യാപിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) 2010-ലെ വിദ്യാഭ്യാസ നിയമത്തിലൂടെ 6 വയസ്സു മുതൽ 14 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് നിർബന്ധിതവും സൗജന്യവുമായ പ്രാഥമിക വിദ്യാഭ്യാസം രാജ്യത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബാലവേലയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി ചൈൽഡ് ലൈൻ, സാമൂഹ്യ നീതി വകുപ്പ്, പോലീസ്, വിദ്യാഭ്യാസ വകുപ്പ് എന്നിവരുടെ പങ്കാളിത്തത്തോടെ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നുണ്ട്.

GPM. 2/236/2020-40

LIBRARY ARCHIVES Kerala Legislative Assembly